LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം

8(*398) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ,

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് സെക്രട്ടേറിയേറ്റ് ക്യാമ്പിസിനുള്ളിലെ വാഹന പാർക്കിംഗിനുള്ള രൂക്ഷമായ സ്ഥലപരിമിതി പരിഗണിച്ച് സെക്രട്ടേറിയറ്റ് മെയിൻ ക്യാമ്പസിൽ ദർബാർ ഹാളിനു പുറകുവശത്തായി ഒരു ബഹുനില കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 26-9-2014 ലെ ജി.ഒ. (എം.എസ്)നമ്പർ 270/2014/പൊ.ഭ.വ എന്ന ഉത്തരവ് പ്രകാരം 462 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജനപ്രതിനിധികളും, പൊതുജനങ്ങളും, സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും, ഭരണസിരാ കേന്ദ്രമായ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സാഹചര്യത്തിൽ, വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തി തിക്കും തിരക്കും കുറയ്ക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ സെക്രട്ടേറിയറ്റിൽ ബഹുനില പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ദർബാർ ഹാളിനു പുറകുവശത്തായി താൽക്കാലിക കെട്ടിടങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ നിർമ്മാണത്തിലിരിക്കുന്ന സെക്രട്ടേറിയറ്റ്

അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, നിലവിലുള്ള താല്ക്കാലിക കെട്ടിടം പൊളിച്ച് മാറ്റി 5 നിലകളിലായി 240 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ സെക്രട്ടേറിയറ്റ് അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകി പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന രീതിയിലാണ് ബഹുനില പാർക്കിംഗ് സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്.

ഗതാഗതത്തിരക്ക് പരിഹരിക്കാൻ ബൈപ്പാസുകൾ

9(*399) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് സുഗമമായ ജില്ലാന്തര ഗതാഗതത്തിനായി ഏറ്റെടുത്തിട്ടുള്ള ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ രീതിയിൽ എത്ര ബൈപ്പാസുകളുടെ പണി ഏറ്റെടുത്തിട്ടുണ്ടെന്നും, എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഇവയുടെ നിർമ്മിതിക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശ്യമുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): സർ,

(എ&ബി) പട്ടണങ്ങളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് സുഗമമായ ഗതാതത്തിനായി ദേശീയപാത വിഭാഗത്തിൻ കീഴിൽ തിരുവനന്തപുരം ബൈപ്പാസ്, കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ് തുപ്പുണിത്തുറ ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസ്, തലശേരി-മാഹി ബൈപ്പാസ്, മുവാറ്റുപുഴ ബൈപ്പാസ്, കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly